ജോലിക്കിടെ അപകടത്തിൽ മരിച്ച വൈദ്യുതി കരാർതൊഴിലാളികൾ

4 (2242) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷത്തിനകം സംസ്ഥാനത്ത് എത്ര വൈദ്യുതി കരാർ തൊഴിലാളികൾ ജോലിക്കിടെ അപകടത്തിൽ മരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കുമോ ;

(ബി) ഇവരുടെ കുടുംബാംഗങ്ങൾക്കു നഷ്ടപരിഹാരം നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനകം (1-1-2012 മുതൽ 30-11-2014 വരെയുള്ള കാലയളവിൽ) 39 കരാർ തൊഴിലാളികൾ മരണപ്പെട്ടതായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുവരുന്ന മരണപ്പെട്ട കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് മരണപ്പെട്ട 30 പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി 2,31,06,783/- രൂപ (രണ്ട് കോടി മുപ്പത്തി ഒന്ന് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളികൾക്ക് അപകടമോ, അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. ടി തുകയുള്ള ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, വിവിധ കോടതികളുടെ പരിഗണനയിലുള്ള കേസുകളിൽ വിധിന്യായം പുറപ്പെടുവിക്കുന്നതിന് വിധേയമായി അർഹമായ നഷ്ടപരിഹാരം അനുവദിക്കാറുണ്ട്.

കെ.എസ്.ഇ.ബി.-യുടെ കേന്ദ്രീകൃത കോൾ സെന്ററും ഡാറ്റാ സെന്ററും

5 (2243) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ കേന്ദ്രീകൃത കോൾ സെന്ററും ഡാറ്റാ സെന്ററും പ്രവർത്തന സജ്ജമായിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്;

(ഡി) ഉപഭോക്താക്കൾക്ക് എന്തെല്ലാം സൗകര്യമാണ് ഇതിൽ ഒരുക്കിയിരിക്കുന്നത്?

ഉത്തരം

(എ) RAPDRP പദ്ധതിയുടെ പാർട്ട് എ-യുടെ ഭാഗമായി സ്ഥാപിക്കേണ്ട ഡാറ്റാ സെന്ററും കോൾ സെന്ററും യഥാക്രമം 21-1-2014 മുതലും 20-2-2014 മുതലും പ്രവർത്തനസജ്ജമായി. ഇവയുടെ ഔദ്യോഗിക ഉദ്ഘാടനം 12-1-2014-ന് നിർവഹിക്കുകയുണ്ടായി.

(ബി) വൈദ്യുതി ബോർഡിൽ ഉപയോഗത്തിലിരിക്കുന്നതും RAPDRP പദ്ധതി (പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി)-യുടെ ഭാഗമായി നിലവിൽ വരുന്നതുമായ സോഫ്റ്റ്വെയറുകളെ തമ്മിൽ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനുള്ള സെർവർ കമ്പ്യൂട്ടറുകളെ ക്രമീകരിക്കുന്നതിനുള്ള സംവിധാനമാണ് ഡാറ്റാ സെന്റർ. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ വന്ന കേന്ദ്രീകൃത കോൾ സെന്ററിൽ വൈദ്യുതിമുടക്കം, വോൾട്ടേജ് വ്യതിയാനം, ട്രാൻസ്ഫോർമർ തകരാറുകൾ, വൈദ്യുതിലൈൻ തകരാറുകൾ, വൈദ്യുതിപോസ്റ്റ് തകരാറുകൾ, സർവ്വീസ് കണക്ഷൻ പരാതികൾ, വൈദ്യുതി ബിൽ സംബന്ധമായ പരാതികൾ, വൈദ്യുതി മീറ്റർ സംബന്ധമായ പരാതികൾ, അപകടങ്ങൾ, വൈദ്യുതി മോഷണം തുടങ്ങിയവയെല്ലാം പ്രസ്തുത കേന്ദ്രത്തിലെ 1912 എന്ന നമ്പറിൽ കേരളത്തിലെ ഏതു ഫോൺ നമ്പറിൽ നിന്നും വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ 0471-2555544 എന്ന നമ്പറിലും വിളിച്ചു കോൾ സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് RAPDRP. വിതരണ മേഖലയിലെ പ്രസരണ വിതരണ നഷ്ടം (AT&C loss) 15%-ത്തിൽ താഴെ എത്തിച്ച് നിലനിർത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതിക്കായി 51.577 കോടി രൂപ മൊത്തം അടങ്കൽ തുകയായി എല്ലാ സംസ്ഥാനങ്ങൾക്കുമായി വകയിരുത്തിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയിലെ വിവര സാങ്കേതിക പദ്ധതിക്കായി 214.38 കോടി രൂപയാണ് കേന്ദ്ര വിഹിതമായി കേരളത്തിന് അനുവദിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വൈദ്യുതി മുടക്കം, വോൾട്ടേജ് വ്യതിയാനം, ട്രാൻസ്ഫോർമർ തകരാറുകൾ, വൈദ്യുതി ലൈൻ തകരാറുകൾ, വൈദ്യുതി പോസ്റ്റ് തകരാറുകൾ, സർവ്വീസ് കണക്ഷൻ പരാതികൾ, വൈദ്യുതി ബിൽ സംബന്ധമായ പരാതികൾ, വൈദ്യുതി മീറ്റർ സംബന്ധമായ പരാതികൾ, അപകടങ്ങൾ, വൈദ്യുതി മോഷണം തുടങ്ങിയവയെല്ലാം കോൾസെന്ററിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കോൾസെന്റർ ജീവനക്കാരന്റെ സഹായം ഇല്ലാതെ തന്നെ പരാതി രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും - IVRS (Interactive Voice Response System) ലഭ്യമാണ്. പരാതി രജിസ്റ്റർ ചെയ്യുമ്പോൾ പരാതി നമ്പർ ഉപഭോക്താവിന്റെ മൊബൈലിൽ എസ്.എം.എസ്. ആയി ലഭിക്കും. പിന്നീട് ഈ പരാതി നമ്പർ നൽകിയാൽ പരാതിയുടെ സ്റ്റാറ്റസ് അറിയുന്നതിനും സംവിധാനമുണ്ട്. കൂടാതെ പരാതി പരിഹരിച്ചു കഴിഞ്ഞാൽ ആ വിവരം ഉപഭോക്താവിനെ എസ്.എം.എസ്. മുഖാന്തരം അറിയിക്കുന്നതാണ്.

പരാതി രജിസ്റ്റർ ചെയ്യുന്നതിന് 1912 എന്ന നമ്പരിൽ വിളിക്കുമ്പോൾ 13 അക്കമുള്ള കൺസ്യൂമർ നമ്പർ ഡയൽ ചെയ്യേണ്ടതാണ്. IVRS-ൽ തന്നെ ഫോൺ നമ്പർ വഴി കൺസ്യൂമറെ തിരിച്ചറിയുന്ന സംവിധാനം ഉടൻ നിലവിൽ വരുന്നതാണ്. കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ് വഴിയും ഉപഭോക്താവിന് മേൽപ്പറഞ്ഞ എല്ലാവിധ സേവനങ്ങളും ലഭ്യമാകുന്നതാണ്. www.kseb.in എന്ന വെബ്സൈറ്റ് വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കാവുന്നതാണ്. 37 ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് മുഖേന തുക അടയ്ക്കാം. ഇടപാട് പൂർത്തിയാകുമ്പോൾ ഉപഭോക്താക്കൾക്ക് മൊബൈലിൽ എസ്.എം.എസ്.-ഉം ഇ-മെയിലും ലഭിക്കും. www.kseb.in എന്ന വെബ്സൈറ്റ് വഴി ഉപഭോക്താക്കൾക്ക് കൺസ്യൂമർ നമ്പർ രജിസ്റ്റർ ചെയ്ത് ഓൺലൈൻ അക്കൗണ്ട് ഉണ്ടാക്കാവുന്നതാണ്. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് അവരുടെ ബിൽ നോക്കുന്നതിനും തുക അടയ്ക്കുന്നതിനും എളുപ്പത്തിൽ സാധിക്കും. കൂടാതെ 12 മാസത്തെ ബിൽ വിവരങ്ങൾ തുക അടച്ച വിവരങ്ങൾ, 12 മാസത്തെ വൈദ്യുതി ഉപഭോഗം, പരാതി രജിസ്റ്റർ ചെയ്ത വിവരങ്ങൾ തുടങ്ങിയവ ലഭ്യമാകും.

കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് മീറ്ററുകൾ

6 (2244) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ ഇലക്ട്രിക് മീറ്ററുകൾ ഇപ്പോൾ ഏത് സ്ഥാപനത്തിൽ നിന്നാണ് വാങ്ങുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly